# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.749 29.09.2016 ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകൾ നവീകരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;<br>(ബി) റസ്റ്റ്ഹൗസുകളിലെ മുറികളിലെ ശൗചാലയങ്ങളിലെ പഴകിയതും പ്രവർത്തിക്കാത്തതുമായ ടാപ്പുകൾ, ക്ലോസറ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) | പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ മെത്തകളും, കട്ടിലുകളും, കർട്ടനുകളും, പ്രവർത്തിക്കാത്ത ടാപ്പുകളും, ക്ലോസറ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.<br>കഴിഞ്ഞ 5 വർഷമായി പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ അനാഥമായി കിടക്കുകയായിരുന്നു. അഴിമതിയും, കെടുകാര്യസ്ഥതയും കൊടികുത്തി വാണിരുന്നു. പ്രശസ്തങ്ങളായ മൂന്നാർ, ആലുവ റസ്റ്റ് ഹൗസ് എന്നിവ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകി. റസ്റ്റ് ഹൗസുകളെപ്പറ്റി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്, ആയത് ലഭിച്ചിട്ടില്ല. കെട്ടിട വിഭാഗത്തിൽ വലിയ ഭരണമാറ്റം ആവശ്യമാണെന്നു കാണുന്നു. നടപടികൾ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**